ലേഖനം ●
വി.എ കബീർ

# മഹ്മൂദ് ദർവീശ്: ജീവിച്ചിടുന്നു മൃതിയാൽ


"ആദ്യ പേജിൽതന്നെ രേഖപ്പെടുത്തുക
ആരോടും വിദ്വേഷമില്ലാത്ത ഒരു അറബി
യാണ് ഞാൻ
ആർക്കെതിരെയും ഞാൻ വിധി പ്രസ്താവി
ക്കുകയില്ല
എന്നാൽ,
എനിക്ക് വിശന്നാൽ
എന്നെ കൈയേറ്റം ചെയ്യുന്നവനെ
ഞാൻ പിടിച്ചു തിന്നും.
അതിനാൽ
കരുതി നിന്നുകൊള്ളുക
എന്റെ വിശപ്പിനെയും
രോഷത്തെയും കരുതി നിന്നുകൊള്ളുക"

(*ബിത്വാഖഹുവിയ്യ*/ഐഡന്റിറ്റി കാർഡ്- മഹ്മൂദ് ദർവീശ്)

"കെട്ടുകഥകൾ തട്ടിപ്പറിച്ചെടുത്ത ഒരു നാടിനു വേണ്ടിയാണ് എന്റെ പ്രതിരോധം" (*ത്വിബാഖ്*, എഡ്വേർഡ് സഈദിന് മഹ്മൂദ് ദർവീശ്)

◆◆◆ ◆◆◆ ◆◆◆

**വെടിമരുന്നിന്റെ** സുഗന്ധം ചാലിച്ച കവിതകളെഴുതിയ ഫലസ്തീൻ കവി മഹ്മൂദ് ദർവീശ് ആഗസ്റ്റ് 9-ന് ഓർമയായി. ഇത്രയേറെ ലോകം കൊണ്ടാടിയ ഒരു അറബിക്കവി സമകാലീന ലോകത്ത് വേറെയുണ്ടെന്ന് തോന്നുന്നില്ല.



പാരീസ് മുതൽ കേരളം വരെ അറിയപ്പെട്ട കവി. ’70കളുടെ ആദ്യത്തിലെ ഒരു ആശാൻ പ്രൈസ് ദർവീശിനായിരുന്നു. ഇരുപതിലേറെ ഭാഷകൾ ദർവീശിനെ നെഞ്ചേറ്റി. ശത്രുപാളയത്തിൽ വരെ സ്വന്തം കവിതയിലൂടെ നുഴഞ്ഞുകയറാൻ ഈ കവിക്ക് സാധിച്ചുവെങ്കിൽ ആ കവിതകളുടെ ശക്തിസൗന്ദര്യങ്ങൾക്ക് മറ്റൊരു തെളിവ് ആവശ്യമില്ല. *മആരീവ്*, *യദ്അത് അറോൻ* തുടങ്ങിയ ഇസ്രയേലിലെ പ്രമുഖ പത്രങ്ങളിലൊക്കെ പ്രാധാന്യപൂർവം ഒന്നാം പേജിലായിരുന്നു ദർവീശിന്റെ ചരമവാർത്ത. കവിയെക്കുറിച്ചുള്ള പ്രത്യേക ലേഖനങ്ങളുമുണ്ടായിരുന്നു. ദർവീശിന്റെ കവിതകൾ പാഠ്യപദ്ധതിയിലുൾപ്പെടുത്താൻ മുമ്പൊരിക്കൽ ഇസ്രയേൽ വിദ്യാഭ്യാസ മന്ത്രി ശ്രമിച്ചിരുന്നു. ഭരണകൂടത്തിലെ തീവ്ര മത-സയണിസ്റ്റുകളുടെ എതിർപ്പുമൂലമാണ് അത് നടക്കാതെ പോയത്. എങ്കിലും ദർവീശ് കവിതകൾക്ക് ഹീബ്രു മൊഴിമാറ്റം ഇസ്രയേലിൽ ലഭ്യമാണ്.

‘വാക്കുകളുടെ വെളിച്ചത്തിനും കാലത്തിന്റെ തിമിരത്തിനുമിടയിൽ ജീവിച്ച കവി’ എന്നാണ് രണ്ടു തവണ നോബൽ പുരസ്കാരത്തിന് നാമനിർദേശം ചെയ്യപ്പെട്ട, ഏറ്റവും പ്രമുഖനായ സമകാലീന അറബിക്കവി (സിറിയ) അഡോണിസ് (അലി അഹ്മദ്) ദർവീശിനെ വിശേഷിപ്പിക്കുന്നത്. “വാക്കുകളുടെ വെളിച്ചം അദ്ദേഹം അറബികൾക്കും ഫലസ്ത്വീനികൾക്കും ആശ്രയമായി നൽകി. പറുദീസയുടെ ജലം തളിച്ചു, പീഡകളുടെ നരകത്തീ കെടുത്താൻ. രാഷ്ട്രീയ-നൈതികതകളുടെ ഇഛാഭംഗം മറികടക്കാൻ അവരതിൽ ഒരു വിശുദ്ധിസ്ഥലി കണ്ടെത്തി.അനുഭവങ്ങളുടെ ചവർപ്പുകളിൽ കവിതയുടെ മധുരം പകർന്ന ദർവീശ് കാലത്തിന്റെ ഘനാന്ധകാരത്തെ പൊരുതി കീഴ്പ്പെടുത്തി. കവിത ദർവീശിന് ഒരു രാസവിദ്യയായിരുന്നു. അതിലൂടെ മരണത്തെ കവി സ്പന്ദിക്കുന്ന ജീവിതമാക്കി മാറ്റി. തകർന്ന തോണികൾക്ക് തീരം സൃഷ്ടിച്ചുകൊടുത്തു. അന്യവത്കരിക്കപ്പെടും തോറും പ്രത്യാശക്ക് ആസ്ഥാനം പണിതുകൊടുത്തു. കവിതയിൽനിന്ന് മറ്റൊരു ഭൂമിയും മറ്റൊരു ആകാശവും സൃഷ്ടിച്ചെടുത്തു” - ദർവീശിനെ കുറിച്ചുള്ള ചരമക്കുറിപ്പിൽ അഡോണിസ് എഴുതി.

ഇത്രയേറെ ജനപ്രിയനായ ഒരു ഫലസ്ത്വീനി കവി- ഒരു പക്ഷേ അറബിക്കവിയും- വേറെയുണ്ടെന്ന് തോന്നുന്നില്ല. റാമല്ലയിൽ അദ്ദേഹത്തിന്റെ


അഡോണിസ്


സമീഹുൽ ഖാസിം

സംസ്കാരച്ചടങ്ങിൽ പങ്കെടുത്ത ജനമഹാസമുദ്രം തന്നെ അതിന്റെ സാക്ഷിയാണ്. യാസിർ അറഫാത്തിന്റെ അന്ത്യോപചാരചടങ്ങിനു ശേഷം റാമല്ല കണ്ട ഏറ്റവും വലിയ ജനസഞ്ചയമായിരുന്നു അത്. ഫ്രഞ്ച് മന്ത്രി മുതൽ ഇസ്രയേലിലെ ‘പീസ് നൗ’ പ്രസ്ഥാനത്തിന്റെ പ്രതിനിധിയായ യൂരി അവ്നേരി വരെ അക്കൂട്ടത്തിലുണ്ടായിരുന്നു. ഹൂസ്റ്റണിൽനിന്ന് അദ്ദേഹത്തിന്റെ മൃതദേഹവുമായി വരുന്ന യു.എ.ഇ വിമാനവും കാത്ത് ആയിരങ്ങൾ ജോർദാനിൽ നിൽക്കുന്നുണ്ടായിരുന്നു (ദർവീശിന് ജോർദാൻ പൗരത്വമുണ്ടായിരുന്നു. കവിയുടെ പേരിൽ ഒരു തെരുവുമുണ്ട് ജോർദാനിൽ). ദർവീശിന്റെ അനേകം കവിതകൾക്ക് സംഗീതാവിഷ്കാരം നൽകിയ മാർസീൽ ഖലീഫ കവിക്ക് അന്ത്യോപചാരമർപ്പിച്ചത് ‘ദൈവത്തിന്റെ സ്വർഗത്തിൽ താങ്കളെപ്പോലെ ഒരു കവിയുണ്ടാവുകയാണെങ്കിൽ അയാളെ ഞാൻ ചങ്ങാതിയാക്കും’ എന്ന വാക്കുകളിലൂടെയാണ്. സംഗീതജ്ഞനായ മാർസീൽ ഖലീഫക്ക് മാത്രമല്ല ലബനീസ് ഗായികയായ മാജിദ റൂമിക്കും പ്രിയപ്പെട്ടവനാണ് ദർവീശ്. രണ്ടു പേരും ജന്മംകൊണ്ട് ക്രൈസ്തവരാണ്. മാജിദയോട് ഏതാണ് മതമെന്ന് ചോദിച്ചാൽ പറയുക ലബനാൻ എന്നാണ്. അറബ് സ്വത്വത്തിന്റെ പൊതു നൈതികതയിൽ അവർ ഒന്നാവുകയാണ്. നീതിക്ക് വേണ്ടിയുള്ള പോരാട്ടത്തിൽ ഭേദചിന്തകൾക്ക് സ്ഥാനമില്ല. ഭൂപടത്തിൽ നിന്ന് സാമ്രാജ്യത്വ കരങ്ങൾ മായ്ച്ചുകളഞ്ഞ ഫലസ്ത്വീനോട്, തന്നെ ഏറെ അടുപ്പിച്ചു നിർത്തിയ അടിസ്ഥാന ഘടകം ദർവീശ് ആയിരുന്നുവെന്ന് മാജിദ പറയുന്നു. “ഫലസ്ത്വീന്റെ ആത്മാവും ശബ്ദവുമായിരുന്നു ദർവീശ്. ദർവീശിന്റെ ശബ്ദവും ആത്മാവും പോലെ അമലമായ ശബ്ദത്തെയും സ്വതന്ത്രമായ ആത്മാവിനെയും കണ്ടുകെട്ടാൻ ഒരു അധിനിവേശ ശക്തിക്കും സാധ്യമല്ല”-

**ഭൂഖണ്ഡാന്തരങ്ങളിൽ നീതിക്കു വേണ്ടി ദാഹിക്കുകയും ശബ്ദിക്കുകയും ചെയ്യുന്ന പീഡിത സഹസ്രങ്ങളുടെ വ്യഥകളെ മുഴുക്കെ തന്റെ കവിതയിലൂടെ ഫലസ്ത്വീന്റെ ഹൃദയത്തിലേക്ക് ഈ കവി ചേർത്തുനിർത്തി. ലോകത്തെങ്ങുമുള്ള പീഡിതരായ എല്ലാവർക്കു വേണ്ടിയും ദർവീശ് തന്റെ കവിതയുടെ അപ്പവും വീഞ്ഞും പകുത്തു നൽകി. കുതിരകളുടെ കുളമ്പടികൾ പോലെ കുർദ് പർവതനിരകളിൽ പ്രതിധ്വനികൾ സൃഷ്ടിച്ച ദർവീശ് കവിതകളിൽനിന്ന് തങ്ങൾ എങ്ങനെ ആവേശം കൊണ്ടുവെന്ന് കുർദ് കവി ശേർകോ ബീക്സ് പറയുന്നുണ്ട്.**

മാജിദ, ദർവീശിന് ബാഷ്പാഞ്ജലിയർപ്പിക്കുന്നു. അങ്ങനെ കലയെയും കവിതയെയും സ്നേഹിക്കുന്നവരെ മാത്രമല്ല, ഭൂഖണ്ഡാന്തരങ്ങളിൽ നീതിക്കു വേണ്ടി ദാഹിക്കുകയും ശബ്ദിക്കുകയും ചെയ്യുന്ന പീഡിത സഹസ്രങ്ങളുടെ വ്യഥകളെ മുഴുക്കെ തന്റെ കവിതയിലൂടെ ഫലസ്ത്വീന്റെ ഹൃദയത്തിലേക്ക് ഈ കവി ചേർത്തുനിർത്തി. ലോകത്തെങ്ങുമുള്ള പീഡിതരായ എല്ലാവർക്കു വേണ്ടിയും ദർവീശ് തന്റെ കവിതയുടെ അപ്പവും വീഞ്ഞും പകുത്തു നൽകി. കുതിരകളുടെ കുളമ്പടികൾ പോലെ കുർദ് പർവതനിരകളിൽ പ്രതിധ്വനികൾ സൃഷ്ടിച്ച ദർവീശ് കവിതകളിൽനിന്ന് തങ്ങൾ എങ്ങനെ ആവേശം കൊണ്ടുവെന്ന് കുർദ് കവി ശേർകോ ബീക്സ് പറയുന്നുണ്ട്. അദ്ദേഹം അവസാനമെഴുതിയ കവിതകളിലൊന്ന് കുർദുകളെ കുറിച്ചായിരുന്നു- ലയ്സൽ കുർദ് ഇല്ലർറീഹ്’ (കുർദുകൾ ഒരു പിശറാണ്).

ആന്തരികവും ബാഹ്യവുമായ ഇരട്ട പ്രവാസത്തിന്റെ വിഷാദമയൂഖങ്ങളാണ് ദർവീശ് കവിതകൾ. വ്യക്തിവ്യഥകളും സംഘവ്യഥകളും കൂട്ടിക്കുഴച്ച ആ കവിതകൾ ബൈബിളിൽനിന്നും ഖുർആനിൽനിന്നുമുള്ള രൂപകങ്ങളാൽ സമൃദ്ധമാണ്. ‘അഹ്ദ അശ്റ കൗകബൻ’ (പതിനൊന്ന് നക്ഷത്രങ്ങൾ) എന്ന കവിത യൂസുഫ് (ജോസഫ്) പ്രവാചകന്റെ കുട്ടി

ക്കാലത്തെ അന്യവത്കരണത്തെയും പ്രവാസത്തെയും ഫലസ്തീൻ ജനതയോടും ജന്മഗേഹമായ ബിർവയിൽനിന്ന് ഇസ്രയേലീ ആക്രമണ ഫലമായി പലായനം ചെയ്യേണ്ടിവന്ന തന്റെ കുട്ടിക്കാലത്തെയും സാത്മീകരിക്കുന്നു. ഈ ബൈബിൾ-ഖുർആൻ കഥയിലെ ശുഭാന്ത്യം, പതിനൊന്ന് നക്ഷത്രങ്ങളും സൂര്യചന്ദ്രന്മാരും തനിക്ക് സാഷ്ടാംഗം ചെയ്യുന്നതായി കാണുന്ന സ്വപ്നം പിന്നീട് യൂസുഫ് നബി ഈജിപ്തിലെ ഭരണാധികാരിയായി മാറുമ്പോൾ സാക്ഷാത്കൃതമാകുന്നത് ഫലസ്തീനികൾക്ക് പ്രത്യാശയുടെ പ്രതീകമായി ഈ കവിതയിലൂടെ കവി സമർപ്പിക്കുകയാണ്.

മതപാരമ്പര്യങ്ങളിൽനിന്നെന്ന പോലെ പ്രാചീനവും അർവാചീനവുമായ ചരിത്രത്തിൽനിന്നുമുള്ള രൂപകങ്ങളെ കവിതകളിൽ ഉദാരമായി ഉപയോഗിക്കുന്നുണ്ട് ദർവീശ്. ഒഡീസ്യ, ഇസ്കന്തറൂൻ, വിയറ്റ് കോങ്ങ്, പോൾ റോബ്സൺ, റോം എന്നിങ്ങനെ പലതും ആ കവിതകളിൽ മുഖം കാണിക്കുന്നത് കാണാം. 'ഖുത്ബ ത്തുൽ ഹിന്ദിയ്യിൽ അഹ്മർ അമാമർറജുലിൽ അബ്യദ്' (വെള്ളക്കാരന്റെ മുമ്പിൽ റെഡ് ഇന്ത്യക്കാരന്റെ പ്രഭാഷണം) എന്ന കവിത പ്രസിദ്ധമാണ്. അമേരിക്കയിലെ റെഡ് ഇന്ത്യൻ സമൂഹം അനുഭവിച്ച പീഡകളുടെ വർത്തമാന കാല വായനയാണ് ഈ കവിത. സമകാലീന ഫലസ്തീൻ അവസ്ഥയോടു കൂട്ടി വായിക്കാവുന്ന സൃഷ്ടി.

'ഔറാഖുസൈത്തൂൻ' (സൈത്തൂൻ ഇലകൾ-'64), 'ആശിഖുൻ മിൻ ഫലസ്തീൻ' (ഫലസ്തീനിൽനിന്നൊരു പ്രണയി-'66), 'ആഖിറുല്ലൈൽ' (അന്ത്യരാത്രി-'67), 'അൽ-അസ്വാഫീർ തമൂതു ഫിൽ ജലീൽ' (ഗലീലിയിൽ മരിച്ചുവീഴുന്ന കിളികൾ-'69), 'ഹബീബതീ തൻഹദു മിൻ നൗമിഹാ' (എന്റെ പ്രണയനി ഉറക്കമുണരുന്നു-'69) തുടങ്ങിയ ആദ്യകാല കവിതകൾ അറബിക്കവിതയുടെ പരമ്പരാഗത ശീലുകളും പ്രകൃതവും ഉൾക്കൊള്ളുന്നവയാണ്. എന്നാൽ കവിത എഴുപതുകളിലൂടെ പ്രയാണം തുടരുമ്പോൾ മുക്തഛന്ദസ്സിലേക്ക് വികസിക്കുകയും കൂടുതൽ പ്രഗാഢവും ആന്തരമായ ധ്വനി സാന്ദ്രതയുടെ പ്രകടനവും അനുഭവിപ്പിക്കുന്നു. സ്വത്വത്തെയും ലോകത്തെയും വിചാരണക്കൂട്ടിലേക്കാനയിക്കുന്ന ഈ കവിതകൾ ആസ്വാദകന്റെ ഉൾക്കാഴ്ചയെ തേടുന്നവയാണ്. 'ഉഹിബ്ബുക ഔ ലാ ഉഹിബ്ബുക' (ഞാൻ നിന്നെ സ്നേഹിച്ചാലും സ്നേഹിച്ചില്ലെങ്കിലും-'72), 'തിൽക സ്വൂറതുഹാ വഹാദാ ഇൻതിഹാറുൽ ആശിഖ്' (അത് അവളുടെ ചിത്രം, ഇത് കാമുകന്റെ ആത്മഹത്യ-'75), 'അഅ്റാസ്' (കല്യാണാഘോഷങ്ങൾ-'77) എന്നിവ ഈ സവിശേഷ ഘട്ടത്തെ പ്രതിനിധീകരിക്കുന്നു. ഇവയിൽ ചിലതെങ്കിലും രാഷ്ട്രീയ കാലാവസ്ഥയുടെ തകിടം മറിച്ചലുകളുടെ ധൂസരമായ ആഘാതങ്ങളെ പ്രതിഫലിപ്പിക്കുന്നുണ്ട്. നാടു നഷ്ടപ്പെട്ട് അലയാൻ വിധിക്കപ്പെട്ടവനെ പ്രതീകവത്കരിച്ചുകൊണ്ട് 'വത്വനീ ലയ്സ ഹഖീബത്തുൻ' (എന്റെ ദേശം ഒരു സ്യൂട്ട്കേസല്ല) എന്ന് ദൃഢസ്ഫുടമായ സ്വരത്തിൽ '69-ൽ എഴുതിയ ദർവീശ്, '83-ൽ എത്തുമ്പോൾ 'എന്റെ ദേശം ഒരു സ്യൂട്ട് കേസാണ്/ എന്റെ ദേശം എന്റെ തോളിലാണ്. ഭൂമി പ്രണയിക്കപ്പെടുന്ന പെണ്ണല്ല/ രക്തസാക്ഷികളുടെ അനന്തമായ യാത്രാ സംഘങ്ങളുടെ കുഴിമാടമാണ്' എന്നാണ് എഴുതുന്നത്.

പൊരുതുന്ന കവിതകളെഴുതിയ ദർവീശ് ഫൈസ് അഹ്മദ് ഫൈസിനെ അനുസ്മരിപ്പിക്കുന്ന മനോഹരമായ ലിറിക്കുകളും എഴുതിയിട്ടുണ്ട്. 'ഉറങ്ങുന്ന പൂങ്കാവനം' (ഹദീഖത്തുൻ നാഇമ) പോലുള്ള അത്തരം കവിതകളിലും ചെറുത്തുനിൽപിന്റെ ചേരുവകൾ അന്തർധാരകളായി നിലനിൽക്കുന്നു.

സാമ്രാജ്യത്വത്തിന്റെ പിണിയാളുകൾക്ക് ദർവീശിന്റെ കവിതകൾ ഭീകരപ്രവർത്തനമായിരുന്നു. സുഹൃത്തും മറ്റൊരു ഫലസ്തീൻ കവിയുമായ സമീഹുൽ ഖാസിം ദർവീശിനെഴുതിയ കത്തുകളുടെ സമാഹാരത്തിലൊന്നിൽ അത്തരമൊരു അനുഭവം വിവരിക്കുന്നുണ്ട്. സമീഹുൽ ഖാസിം ലണ്ടനിൽ സംഘടിപ്പിക്കപ്പെട്ട ഒരു കാവ്യ സായാഹ്നത്തിൽ പങ്കെടുക്കാനെത്തിയതായിരുന്നു. ചെൽസി ഹോട്ടലിൽ വെച്ച് ബ്രിട്ടീഷ് രഹസ്യപ്പോലീസ് ഭീകരവാദി മുദ്രകുത്തി അദ്ദേഹത്തെ അറസ്റ്റ് ചെയ്തു. മഹ്മൂദ് ദർവീശാണെന്ന് തെറ്റിദ്ധരിച്ചായിരുന്നു അറസ്റ്റ്. ദുരൂഹസാഹചര്യത്തിൽ വധിക്കപ്പെട്ട ഫലസ്തീനീ കാർട്ടൂണിസ്റ്റ് നാജി അലിയുടെ കുടുംബത്തെ സന്ദർശിച്ച് അനുശോചനം പ്രകടിപ്പിക്കാൻ അന്ന്

ഫത്ഹും ഹമാസും തമ്മിലുള്ള ഭ്രാതൃപോരാട്ടം കവിയെ ഏറെ ദുഃഖിപ്പിച്ചിരുന്നു. ഒരു രാജ്യത്തിനു വേണ്ടി പോരാടിയ നമുക്ക് രണ്ട് രാജ്യമാണ് കിട്ടിയത് എന്ന് വിഷാദം കലർന്ന കറുത്ത ഹാസ്യം ഒടുവിലെഴുതിയ ഒരു രചനയിൽ അദ്ദേഹം കുറിച്ചിട്ടിരുന്നു.

ദർവീശ് ലണ്ടനിലെത്തിയിരുന്നു. ദർവീശ് തിരിച്ചുപോയത് ബ്രിട്ടീഷ് പോലീസ് അറിഞ്ഞിരുന്നില്ല. അമളി തിരിച്ചറിഞ്ഞ പോലീസിന് സമീഹിനെ വിട്ടയക്കേണ്ടി വന്നു.

കമ്യൂണിസ്റ്റും ഉറച്ച ഇടതുപക്ഷക്കാരനുമായിരുന്നു മഹ്മൂദ് ദർവീശ്. എന്നാൽ കാലപ്പകർച്ചയാൽ നിറംമാറിയ തന്റെ കൂട്ടുകാരെപ്പോലെ നിലപാടുമാറാൻ ദർവീശ് കൂട്ടാക്കിയില്ല. യാസിർ അറഫാത്ത് ഓസ്‌ലോ കരാറിൽ ഒപ്പുവെച്ചപ്പോൾ എഡ്വേർഡ് സഈദിനെ പോലെ പി.എൽ.ഒയുമായുള്ള ബന്ധം വിഛേദിക്കാൻ അദ്ദേഹം ആർജവം കാണിച്ചു.

ഫത്ഹും ഹമാസും തമ്മിലുള്ള ഭ്രാതൃപോരാട്ടം കവിയെ ഏറെ ദുഃഖിപ്പിച്ചിരുന്നു. ഒരു രാജ്യത്തിനു വേണ്ടി പോരാടിയ നമുക്ക് രണ്ട് രാജ്യമാണ് കിട്ടിയത് എന്ന് വിഷാദം കലർന്ന കറുത്ത ഹാസ്യം ഒടുവിലെഴുതിയ ഒരു രചനയിൽ അദ്ദേഹം കുറിച്ചിട്ടിരുന്നു.

'ഹസംനാക യാ മൗത്' (ഹേ മൃത്യു, നിന്നെ ഞങ്ങൾ തോൽപിച്ചിരിക്കുന്നു)വെന്ന് ഒരു കവിതയിൽ ദർവീശ് കുറിച്ചിട്ടിട്ടുണ്ട്. ഒടുവിൽ മരണം കവിയെ തോൽപിച്ചോ? ഇല്ല. ദർവീശിന്റെ കവിതകൾ നിലനിൽക്കുന്ന കാലത്തോളം ദർവീശും ജീവിച്ചിരിക്കും.

"സ്വഫൂ അലാ നഅ്ശീ
സനാബില ഖദ്റാഅ"

(എന്റെ ജഡത്തിന്മേൽ നിങ്ങൾ പച്ചക്കതിരുകൾ നിരത്തിയിടുക - മഹ്മൂദ് ദർവീശ്). ■